Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 22.8.2017
*Ref: 230POC/DIR*

**മുത്തലാഖ് – സുപ്രീംകോടതി വിധി മുഴുവൻ സ്ത്രീ സമൂഹത്തിനും പ്രത്യാശ നല്കുന്നത്: കെസിബിസി വനിതാ കമ്മീഷൻ**

കൊച്ചി: വിവേചനവും ദുരിതവുമനുഭവിക്കുന്ന എല്ലാ സ്ത്രീകൾക്കും പ്രത്യാശ പകരുന്നതാണ് മുത്തലാഖ് സംബന്ധിച്ച സുപ്രീംകോടതി ഭരണഘടനാബെഞ്ചിന്റെ വിധിയെന്ന് കെസിബിസി വനിതാ കമ്മീഷൻ അഭിപ്രായപ്പെട്ടു. വ്യക്തിനിയമങ്ങൾക്ക് ഭരണഘടന നല്കുന്ന പരിരക്ഷയുടെ പേരിൽ, മത സമുദായ സംഘടനകൾക്കുള്ളിൽ ദുർബലവിഭാഗങ്ങൾ ചൂഷണം ചെയ്യപ്പെടുന്നില്ലായെന്നുറപ്പുവരുത്താൻ രാജ്യത്തിന്റെ ഭരണകൂടത്തിന് കടമയുണ്ട്.

സുപ്രീംകോടതി വിധിയുടെ അന്ത:സത്തയുൾക്കൊണ്ട് സ്ത്രീകളോടും സ്ത്രീ സമുദായത്തോടുമുള്ള മനോഭാവത്തിനു മാറ്റം വരുത്താനും സ്ത്രീകൾക്ക് നീതി ഉറപ്പാക്കാനും സമൂഹം തയ്യാറാകണം. സമൂഹത്തിനാകെ പ്രത്യാശ നല്കുന്നതാണ് സുപ്രീംകോടതി വിധിയെന്ന്, ബിഷപ്പ് ജോസഫ് കാരിക്കശ്ശേരിയുടെ അധ്യക്ഷതയിൽ പിഒസിയിൽ ചേർന്ന കെസിബിസി വനിതാകമ്മീഷൻ എക്സിക്യൂട്ടീവ് യോഗം അഭിപ്രായപ്പെട്ടു. ആനി ജോസഫ്, ഡെൽസി ലൂക്കാച്ചൻ, ജെയ്ൻ ആൻസിൽ, ഫാ. വിൽസൻ എലവുത്തുങ്കൽ കൂനൻ, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് എന്നിവർ പങ്കെടുത്തു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.